ഉത്തരം

(എ) കടലാമയുടെ പ്രജനന കേന്ദ്രങ്ങളിൽ ഒന്നായ കോഴിക്കോട് ഇരിങ്ങൽ കടൽത്തീരത്ത് പൊതുജന പങ്കാളിത്തത്തോടെ കടലാമയുടെ സംരക്ഷണത്തിനായി 98-99 സാമ്പത്തികവർഷം ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കടലാമയുടെ മുട്ടകൾക്ക് വേണ്ടുന്ന സംരക്ഷണം നൽകി അവ വിരിയുന്ന മുറയ്ക്ക് ആമകുഞ്ഞുങ്ങളെ കടലിലേയ്ക്ക് വിടുകയാണ് ചെയ്യുന്നത്. സംരക്ഷണ പ്രവർത്തനങ്ങളുടെ ഫലമായി കഴിഞ്ഞവർഷം 5000 കടലാമ കുഞ്ഞുങ്ങളെ കടലിലേയ്ക്ക് വിടാൻ സാധിച്ചിട്ടുണ്ട്. 99-2000 സാമ്പത്തിക വർഷം 90000 രൂപയും ഈ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) ഇരിങ്ങൽ കടൽത്തീരത്ത് കടലാമയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഈ വർഷവും 0.90 ലക്ഷം രൂപ സഹായം അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല, എന്നാൽ കടലാമയുടെ മറ്റൊരു പ്രധാന പ്രജനന തീരമായ മുത്തിയം കടൽത്തീരത്തു കൂടി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി 4.5 ലക്ഷം രൂപയും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഡി) ഇരിങ്ങൽ കടൽത്തീരത്ത് കടലാമയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 98-99 വർഷത്തിൽ 99565 രൂപയും 99-2000 വർഷത്തിൽ ഇതേവരെ 34143 രൂപയും ചെലവായിട്ടുണ്ട്.

61 (379) ശബരിമല സീസണിലെ കെ.എസ്.ആർ.ടി.സി. സ്പെഷ്യൽ സർവ്വീസ്

ശ്രീ. എം. മുരളി :
ശ്രീ. വി. ബാലറാം :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 നവംബർ, ഡിസംബർ, 2000 ജനുവരി എന്നീ മാസങ്ങളിൽ ശബരിമല സീസണോടനുബന്ധിച്ച് കെ.എസ്.ആർ.ടി.സി. വിവിധ സ്ഥലങ്ങളിൽ നിന്നും എത്ര ട്രിപ്പ് സ്പെഷ്യൽ സർവ്വീസ് നടത്തി;

(ബി) ഈ സ്പെഷ്യൽ സർവ്വീസുകൾ വഴി ലഭിച്ച കളക്ഷൻ എത്ര;

(സി) ഈ സ്പെഷ്യൽ സർവ്വീസുകൾക്കുവേണ്ടി എന്തു തുക ചെലവായി;

(ഡി) ഈ സ്പെഷ്യൽ സർവ്വീസുകൾ സാധാരണ സർവ്വീസുകളായാണ് ഓപ്പറേറ്റ് ചെയ്തിരുന്നതെങ്കിൽ എന്തു വരവുണ്ടാകുമായിരുന്നു.

(ഇ) സ്പെഷ്യൽ സർവ്വീസുകളായി ഇവ ഓപ്പറേറ്റ് ചെയ്തതു കൊണ്ട് സാധാരണ സർവ്വീസുകളായി ഓപ്പറേറ്റ് ചെയ്യുന്നതിനേക്കാൾ എന്തു തുക അധിക വരുമാനം ഉണ്ടാക്കി എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ)(ബി),(സി)(ഡി)&(ഇ) വിവരം ശേഖരിച്ച് മറുപടി ലഭ്യമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly